LIBRARY ARCHIVES Kerala Legislative Assembly

കന്നംകളം ഗവണ്മെൻറ് ബോയ്സ് ഹൈസ്കൂൾ ഇൻഡോർ സ്റ്റേഡിയം

293(3180) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള കന്നംകളം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും ;

(ബി) വേഗത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 12-11-2015-ലെ സ.ഉ. (സാധാ)നമ്പർ 1672/2015/ പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം കന്നംകളം ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. എഗ്രിമെന്റ് ഉടനെ വച്ച് പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമ്പലപ്പുഴ മണ്ഡലത്തിൽ വൺടൈം മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തിയ റോഡുകൾ

294(3181) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ വൺടൈം മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താൻ എത്ര തുക അനുവദിച്ചുവെന്നും അത് ഏതെല്ലാം റോഡുകൾക്കാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനുള്ള ഭരണാനുമതി ലഭിച്ചത് എന്നാണ് ; നാളിതുവരെയായിട്ടും എല്ലാ പ്രവൃത്തികളുടേയും ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ ;

(സി) ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബി&ആർ) ഓഫീസിലും തിരുവനന്തപുരം സൂപ്രണ്ടിംഗ് എഞ്ചിനീയറിംഗ് ഓഫീസിലും ഉണ്ടായിട്ടുള്ള കാലതാമസത്തെക്കുറിച്ച് അന്വേഷിക്കുമോ ;

(ഡി) അടിയന്തരമായി വൺടൈം മെയിന്റനൻസ് സ്കീമിൽ ഭരണാനുമതി നൽകിയ റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) 14-7-2015-ൽ ഭരണാനുമതി നൽകി. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷമാണ് ടെണ്ടർ നടപടി സ്വീകരിക്കുന്നത്. ഈ നടപടി പൂർത്തീകരിക്കുന്നതിനാണ് കാലതാമസം ഉണ്ടായത്.

(സി) അന്വേഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

പെരിങ്ങോം ഗവൺമെന്റ് കോളേജിന് കെട്ടിടം

295(3182) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പെരിങ്ങോം ഗവൺമെൻറ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് 7 മാസമായിട്ടും സാങ്കേതിക അനുമതി ലഭിക്കാത്തതിൻെറ കാരണം വിശദമാക്കുമോ ;

(ബി) സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കെട്ടിടം പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിടത്തിന്റെ റിവൈസ്ഡ് ആർക്കിടെക്ച്ചർ ഡ്രോയിംഗ് തയ്യാറാക്കി നൽകുന്നതിനായി ചീഫ് ആർക്കിടെക്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനുമുള്ള കേന്ദ്ര സഹായം

296(3183) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡുകളുടെ വികസനത്തിനും നിർമ്മാണത്തിനുമായി കേന്ദ്ര ഗവൺമെൻറ് സഹായം ലഭിക്കാറുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാന റോഡുകളുടെ വികസനത്തിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷം ലഭിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly